**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4648** **29-10-2021 - ൽ മറുപടിയ്ക്ക്**

**സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള കണക്ഷന് സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വീട്ടിലെത്തി മീറ്റർ റീഡിംഗ് എടുക്കുന്നത് ഒഴിവാക്കി ഉപഭോക്താക്കളെ വിശ്വാസത്തിൽ എടുത്തുകൊണ്ടും സെൽഫ് റീഡിംഗ് ഏർപ്പെടുത്തുവാനായി ഉദ്ദേശിക്കുന്നു. അതിനു വേണ്ടി പുതിയ സെൽഫ് റീഡിംഗ് ആപ്പ് നിർമിച്ച് കഴിഞ്ഞു. ഈ സംവിധാനം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഉപഭോക്താക്കൾക്കും ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. പുതിയ മീറ്റർ പോളിസി പ്രകാരം സെൽഫ് റീഡിങ് ഉള്ള സാഹചര്യത്തിൽ, ഡൊമസ്റ്റിക് കണക്ഷന് 2 മാസത്തിൽ ഒരിക്കൽ ഉപഭോക്താവ് സെൽഫ് റീഡിങ് എടുക്കുകയും, 6 മാസത്തിൽ ഒരിക്കൽ കേരള വാട്ടർ അതോറിറ്റി നേരിട്ട് റീഡിങ് എടുക്കുന്നതുമാണ്. ഇത് ഡൊമസ്റ്റിക് അല്ലാത്ത ക്യാറ്റഗറിക്കു ബാധകമല്ല. വാട്ടർ അതോറിറ്റി ഓഫീസിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ, ഉപഭോക്താവിന് എസ്എംഎസ് ആയി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് സ്വയം വാട്ടർ മീറ്റർ റീഡിങ് രേഖപ്പെടുത്താൻ സാധിക്കുന്ന സംവിധാനമാണ് സെൽഫ് മീറ്റർ റീഡിങ്. ഉപഭോക്താവ് മീറ്റർ റീഡിങ് രേഖപ്പെടുത്തി മീറ്ററിന്റെ ഫോട്ടോ എടുക്കുമ്പോൾ തന്നെ മീറ്റർ/ കണക്ഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ജിയോ ലൊക്കേഷനും രേഖപ്പെടുത്തും. ഇങ്ങനെ സമർപ്പിക്കുന്ന റീഡിങ് പരിശോധിച്ച്, ഉപഭോക്താവിന് ബിൽ തുകയും മറ്റു വിവരങ്ങളും എസ്.എം.എസ് ആയി നൽകും. ബിൽ തുക ഉപഭോക്താവിന് ഓൺലൈൻ ആയി തന്നെ അടയ്ക്കാനും സാധിക്കും. |
| (ബി) | സംസ്ഥാനത്ത് മുഴുവൻ ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിക്കായി ഇന്റർനെറ്റ് ലഭ്യത എല്ലാ | (ബി) | സംസ്ഥാന വ്യാപകമായി ഗാർഹിക ഉപഭോക്താക്കൾക്ക് സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം നോർത്ത് ഡിവിഷന് |

| | | | |
|---|---|---|---|
| | സ്ഥലങ്ങളിലും ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | കീഴിലുള്ള കവടിയാർ സെക്ഷൻ ഓഫീസിലാണ് നടപ്പിലാക്കി വരുന്നത്. ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഓഫ്‌ലൈനായി മീറ്റർ റീഡിംഗ് രേഖപ്പെടുത്താനും മീറ്ററിന്റെ ഫോട്ടോ എടുക്കാനും, പിന്നീട് ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്ന മുറക്ക് റീഡിംഗ് അപ്‌ലോഡ് ചെയ്യുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ